ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഉണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന പ്രാഥമിക വായ്പാ സംഘങ്ങൾ സ്വർണ്ണപ്പണ്ടങ്ങളുടെ ഈടിൻമേൽ പരമാവധി രണ്ടു ലക്ഷം രൂപ മാത്രമേ ഒരംഗത്തിന് വായ്പ നൽകാവൂ എന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 3-1-2000-ലെ 3/2000 നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കിൽനിന്നും ഒരു വ്യക്തിക്ക് സ്വർണ്ണപ്പണയവായ്പ ഉൾപ്പെടെ എല്ലാ വായ്പകളിലുമായി നൽകാവുന്ന പരമാവധി തുക 25 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ലായെന്ന് നബാർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിനും ഒരംഗത്തിന് ഒരു ലക്ഷത്തിൽ കൂടുതൽ സ്വർണ്ണപ്പണയവായ്പ നൽകരുതെന്ന് കേന്ദ്രബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്.

സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രവർത്തനം

155 [3157] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച സഹകരണ ആർബിട്രേഷൻ കോടതിയിൽ ഏതുതരം കേസ്സുകളാണ് കൈകാര്യം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസർ എന്നുമുതലാണ് ചുമതല ഏറ്റെടുത്തത്;

(സി) നാളിതുവരെ എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്;

(ഡി) നിലവിൽ എത്ര കേസ്സുകൾ അവശേഷിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) നിശ്ചിത തീയതിക്കകം തീർപ്പാക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് ഏതെല്ലാം കേസ്സുകളിലാണ് വന്നിട്ടുള്ളത്; ഇത് സംബന്ധിച്ച് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(എഫ്) തെരഞ്ഞെടുപ്പ് കേസ്സുകൾ നിയമപ്രകാരം എത്ര കാലയളവിനകമാണ് തീർപ്പാക്കേണ്ടത്;

(ജി) തീർപ്പാക്കാത്ത കേസ്സുകൾ എത്ര;

(എച്ച്) കാലാവധി പൂർത്തിയാക്കിയ ഭരണ സമിതിയെ സംബന്ധിച്ച തെരഞ്ഞെടുപ്പുകേസ്സുകൾ എത്രയെണ്ണമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമ്പത്തികേതരമായ എല്ലാ കേസ്സുകളും.

(ബി) 13-2-2003 മുതൽ.

(സി) 21.

(ഡി) 201.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) നിയമപ്രകാരം കാലയളവില്ല.

(ജി) 201.

(എച്ച്) 5.

ജില്ലാ സഹകരണ ബാങ്കിലെ നിയമനങ്ങൾ

156 [3158] ശ്രീ. എ. എ. അസ്സീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ പ്യൂൺ, വാച്ച്മാൻ തസ്തികകളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ നിലനിൽക്കേ ദിവസവേതനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലാ സഹകരണ ബാങ്കിൽ വാച്ച്മാൻ തസ്തികയിൽ ഒരാളെ ദിവസവേതനത്തിൽ നിയമിച്ചിരുന്നു. പി. എസ്. സി. മുഖേന നിയമനം നടത്തിയപ്പോൾ അയാളെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പരാതികളൊന്നും ലഭിച്ചിട്ടില്ല.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേയ്ക്കുള്ള പ്യൂൺ, വാച്ച്മാൻ റാങ്ക് ലിസ്റ്റ്

157 [3160] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേയ്ക്കുള്ള പ്യൂൺ/ വാച്ച്മാൻ തസ്തികയ്ക്ക് പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly